ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 23.05.2026**

## പ്രധാനവാർത്തകൾ

1. 19-ാമത് റോസ്ഗർ മേളയുടെ ഭാഗമായി 51,000-ത്തിലധികം യുവാക്കൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി ഓൺലൈനായി നിയമന ഉത്തരവുകൾ കൈമാറി. വികസിത ഭാരതം കെട്ടിപ്പടുക്കുന്നതിൽ യുവാക്കൾക്ക് നിസ്തുല പങ്കെന്ന് പ്രധാനമന്ത്രി.
2. രാജ്യത്ത് ഇന്ധനവിലയിൽ വീണ്ടും വർധനവ്, പെട്രോളിന് 87 പൈസയും ഡീസലിന് 91 പൈസയും വർധിച്ചു.
3. ലഹരിക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ഓപ്പറേഷൻ തൂഫാൻ ദി നാർകോ ഹണ്ട് എന്ന പേരിൽ പുതിയ പദ്ധതി ആരംഭിക്കുമെന്ന് ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല.
4. പാഠപുസ്തക വിതരണം കാര്യക്ഷമമാക്കാൻ നടപടിയെടുത്തതായും ഈ മാസം 30 നകം സ്കൂളുകളിൽ വിതരണം നടത്തുമെന്നും വിദ്യാഭ്യാസ മന്ത്രി എൻ. ഷംസുദീൻ.
5. സംസ്ഥാനത്ത് ഈ മാസം 27 വരെ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കേരള-കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 27 വരെ മത്സ്യബന്ധനത്തിന് വിലക്ക്.

RNU TVPM

6. ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ലഖ്നൗ സൂപ്പർ ജയന്റ്സ് പഞ്ചാബ് കിംഗ്സിനെ നേരിടും.

&&&&&&&&&&&&&&&&&&

**<u>പി.എം - റോസ്ഗർ മേള</u>**

വികസിത ഭാരതം കെട്ടിപ്പടുക്കുന്നതിൽ യുവാക്കൾക്ക് നിസ്തുലമായ പങ്കെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. 19-ാമത് റോസ്ഗർ മേളയുടെ ഭാഗമായി വിവിധ കേന്ദ്ര സർക്കാർ വകുപ്പുകളിലും സ്ഥാപനങ്ങളിലും പുതുതായി നിയമിതരായ 51,000-ത്തിലധികം യുവാക്കൾക്ക് നിയമന ഉത്തരവുകൾ കൈമാറിക്കൊണ്ട് വീഡിയോ കോൺഫെറൻസിലൂടെ സംസാരിക്കുകയായിരുന്നു പ്രധാനമന്ത്രി. രാജ്യത്തുടനീളമുള്ള 47 സ്ഥലങ്ങളിലാണ് ഇന്ന് റോസ്ഗർ മേള നടന്നത്.

&&&&&&&&&&&&&&&&&&

**<u>സുരേഷ്ഗോപി - റോസ്ഗർ മേള</u>**

യുവശക്തിയെ ദേശീയ ശക്തിയായി മാറ്റുന്ന മഹത്തായ കർമപരിപാടിയാണ് റോസ്ഗർ മേള എന്ന് കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി. 19-ാമത് റോസ്ഗർ മേളയുടെ ഭാഗമായി തിരുവനന്തപുരത്ത് ദക്ഷിണ റെയിൽവേ സംഘടിപ്പിച്ച മേള ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ചടങ്ങിൽ 130 ഓളം പേർക്ക് നിയമന ഉത്തരവ് കൈമാറി. പാലക്കാട് നടന്ന റോസ്ഗാർ മേളയിൽ കേന്ദ്ര മന്ത്രി എച്ച്. ഡി. കുമാരസ്വാമി മുഖ്യാതിഥിയായി. ചടങ്ങിൽ 137 പേർക്കുള്ള നിയമന ഉത്തരവ് കൈമാറി.

&&&&&&&&&&&&&&&&&&

**<u>ഇന്ധനവില</u>**

രാജ്യത്ത് ഇന്ധവിലയിൽ വീണ്ടും വർധന. പെട്രോളിന് 87 പൈസയും ഡീസലിന് 91 പൈസയുമാണ് ഇന്ന് കൂടിയത്. പത്തു ദിവസത്തിനിടെയുണ്ടാകുന്ന മൂന്നാമത്തെ വിലവർദ്ധനവാണിത്. തിരുവനന്തപുരത്ത് പെട്രോളിന് 112 രൂപ 65 പൈസയും, ഡീസലിന് 101 രൂപ 56 പൈസയുമായി ഉയർന്നു. പശ്ചിമേഷ്യൻ

PRNU TVPM

സംഘർഷത്തെ തുടർന്ന് ആഗോള അസംസ്കൃത എണ്ണ വിലയിൽ ഉണ്ടായ കുത്തനെയുള്ള കുതിച്ചുചാട്ടത്തിനിടയിലാണ് ഈ വർധനവ്.

&&&&&&&&&&&&&&&&&&

**പെട്രോളിയം മന്ത്രാലയം**

രാജ്യത്ത് പെട്രോളിന്റെയും ഡീസലിന്റെയും ലഭ്യത ഉറപ്പാക്കിയിട്ടുണ്ടെന്നും വിതരണം കൃത്യമായി നടക്കുന്നുണ്ടെന്നും പെട്രോളിയം, പ്രകൃതിവാതക മന്ത്രാലയം. ആവശ്യത്തിനനുസരിച്ച് മാത്രം ഇന്ധനം വാങ്ങണമെന്നും ജനങ്ങൾ പരിഭ്രാന്തരാകരുതെന്നും മന്ത്രാലയം അഭ്യർഥിച്ചു. അതേസമയം, ഹോർമുസ് കടലിടുക്ക് തടസ്സപ്പെട്ടതിന്റെ ആദ്യ എഴുപത്തിയാറ് ദിവസങ്ങളിൽ ചില്ലറ ഇന്ധന വില മാറ്റമില്ലാതെ നിലനിർത്തിയ ലോകത്തിലെ ഏക പ്രധാന സമ്പദ്‌വ്യവസ്ഥയാണ് ഇന്ത്യയെന്നും സർക്കാർ വൃത്തങ്ങൾ ചൂണ്ടിക്കാട്ടി.

&&&&&&&&&&&&&&&&&&

**ഓപ്പറേഷൻ തൂഫാൻ (ഇൻട്രോ)**

ലഹരിക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ഓപ്പറേഷൻ തൂഫാൻ ദി നാർകോ ഹണ്ട് എന്ന പേരിൽ പുതിയ പദ്ധതി ആരംഭിക്കുമെന്ന് ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല അറിയിച്ചു. ജൂൺ ഒന്നിന് സ്കൂൾ തുറക്കുന്ന ദിവസം സംസ്ഥാന വ്യാപകമായി പദ്ധതിക്ക് തുടക്കമാകും. കുട്ടികളെ ലഹരിയിലേക്ക് നയിക്കുന്ന സംഘങ്ങളെ കണ്ടെത്തി വേരോടെ പിഴുതെറിയുക എന്നതാണ് പ്രധാന ലക്ഷ്യം. ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെ യോഗത്തിന് ശേഷം തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സംസ്ഥാനത്തെ 484 പൊലീസ് സ്റ്റേഷനുകളും ജനസൗഹൃദ സേവന കേന്ദ്രങ്ങളാക്കി മാറ്റുകയും സ്റ്റേഷനിലെത്തുന്നവരെ മാന്യമായി സ്വീകരിക്കണമെന്നും അദ്ദേഹം നിർദേശം നൽകി.

**(ഹോൾഡ് വോയിസ്)**

സൈബർ കുറ്റകൃത്യങ്ങൾ, ലോൺ ആപ്പ് തട്ടിപ്പുകൾ, സോഷ്യൽ

RNUTVPM

മീഡിയയിലൂടെ വ്യക്തി അധിക്ഷേപം - മതപരമായ ഭിന്നത പടർത്തൽ, ക്രിപ്റ്റോ തട്ടിപ്പുകൾ എന്നിവ കർശനമായി നേരിടും. റോഡ് അപകടങ്ങൾ കുറയ്ക്കുന്നതിനായി പുതിയ മൊബൈൽ ആപ്പുകളും ഐടി സംവിധാനങ്ങളും നടപ്പിലാക്കുമെന്നും മന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&&&&

## എൻ ഷംസുദീൻ

പാഠപുസ്തകങ്ങളുടെ വിതരണം കാര്യക്ഷമമാക്കാൻ നടപടിയെടുത്തതായും, ഈ മാസം 30 നുള്ളിൽ പാഠപുസ്തകങ്ങളുടെ വിതരണം നടക്കുമെന്നും വിദ്യാഭ്യാസ മന്ത്രി എൻ. ഷംസുദീൻ. മലപ്പുറം പ്രസ് ക്ലബ്ബിൽ നടന്ന മീറ്റ് ദി മിനിസ്റ്റർ പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പി.എം ശ്രീ പദ്ധതിയിൽ നിന്ന് പിൻവാങ്ങാൻ സാധിക്കുമോ എന്ന കാര്യം പരിശോധിക്കുമെന്നും മലപ്പുറം ജില്ലയിലടക്കമുള്ള പ്ലസ് വൺ സീറ്റിന്റെ കുറവ് പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമെന്നും മന്ത്രി പറഞ്ഞു. SSLC പാസാകുന്ന വിദ്യാർത്ഥികൾക്ക് അതേ വിദ്യാഭ്യാസ ജില്ലയിൽ ഹയർ സെക്കണ്ടറി പഠനം ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## മന്ത്രി സണ്ണി ജോസഫ് (ഇൻട്രോ)

സംസ്ഥാനത്ത് പവർ കട്ടില്ലെന്നും എന്നാൽ പവർ ഫെയിലിയർ ഉണ്ടാകുന്നുണ്ടെന്നും ജനങ്ങൾ സഹകരിക്കണമെന്നും വൈദ്യുതി മന്ത്രി സണ്ണി ജോസഫ്. കണ്ണൂർ പ്രസ് ക്ലബ് സംഘടിപ്പിച്ച മീറ്റ് ദി പ്രസ് പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. (ഹോൾഡ് വോയിസ്)

&&&&&&&&&&&&&&&&&&

## റീയൂസ് ക്യാമ്പയിൻ (ഇൻട്രോ)

പുതിയ അധ്യയന വർഷത്തിൽ പുനരുപയോഗത്തിന്റെ സന്ദേശവുമായി കോഴിക്കോട് ജില്ലാ ഭരണകൂടത്തിന്റെ

PNUTVPM

സഹകരണത്തോടെ ജില്ലാ ശുചിത്വ മിഷൻ 'റീയൂസ് ഹീറോസ്; ദ റിയൽ ഹീറോസ്'- ക്യാമ്പയിന് തുടക്കമായി.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു.**

**(വോയ്സ്)**

&&&&&&&&&&&&&&&&&&

## <u>നല്ല വാർത്ത</u>

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് 6.30 ന്റെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

&&&&&&&&&&&&&&&&&&

## <u>ശബരിമല (ഇൻട്രോ)</u>

പ്രതിഷ്ഠാ ദിന പൂജകർക്ക് ശബരിമല നട ഈ മാസം 25ന് തുറക്കും. 26 നാണ് പ്രതിഷ്ഠാദിനം.

**വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാപ്രതിനിധി ശ്രീജി എസ്. ശ്രീധർ....**

**(വോയ്സ്)**

RNU TVPM

&&&&&&&&&&&&&&&&&&

## <u>മഴ</u>

സംസ്ഥാനത്ത് ഈ മാസം 27 വരെ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് സംസ്ഥാനത്തെ ഒമ്പത് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. നാളെ ആറ് ജില്ലകളിലും തിങ്കളാഴ്ച ഒൻപത് ജില്ലകളിലും യെല്ലോ അലർട്ട് തുടരും. ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ കേരളം , കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 27 വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

&&&&&&&&&&&&&&&&&&

## ക്രിക്കറ്റ്

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ലഖ്നൗ സൂപ്പർ ജയന്റ്സ് പഞ്ചാബ് കിംഗ്സിനെ നേരിടും. രാത്രി 7:30 ന് ലഖ്നൗവിലാണ് മത്സരം.

&&&&&&&&&&&&&&&&&&

## സ്പെഷ്യൽ കിറ്റ്-സപ്ലൈകോ

വലിയ പെരുന്നാളിന് പൊതുജനങ്ങൾക്ക് അവശ്യ വസ്തുക്കളും സബ്സിഡി സാധനങ്ങളും സപ്ളൈകോ ഉറപ്പാക്കും . സപ്ലൈകോ വില്പനശാലകളിൽ ഈ മാസം 26 വരെയാണ് കിറ്റ് ലഭ്യമാവുക. 1101 രൂപയുടെ ഭക്ഷ്യസാധനങ്ങൾ 850 രൂപയ്ക്കാണ് പ്രത്യേക കിറ്റായി നൽകുന്നത്.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

RNU TVPM